**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6746** **11-11-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക നയത്തിലെ മൃഗസംരക്ഷണ വകുപ്പിനെ സംബന്ധിച്ച ശിപാർശകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാർഷിക നയത്തിൽ മൃഗസംരക്ഷണ വകുപ്പിനെ സംബന്ധിച്ച ശിപാർശകൾ ഏതെല്ലാമാണെന്നും പ്രസ്തുത ശിപാർശകളിൽ ഏതെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗങ്ങളിൽ മൃഗസംരക്ഷണ വകുപ്പിനെ സംബന്ധിച്ച ശിപാർശകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിൽ കന്നുകാലികളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുക, കർഷകരുടെ വരുമാനവും ലാഭവും വർദ്ധിപ്പിക്കുക. ഊർജ്ജിത കന്നുകാലിവികസന പദ്ധതി (കൃത്രിമ ബീജാധാന പദ്ധതി) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ആയതിലൂടെ മൃഗസംരക്ഷണ മേഖലയിൽ കന്നുകാലികളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുമായിട്ടുണ്ട്. 2. യുവജനങ്ങൾക്കും ദുർബല വിഭാഗങ്ങൾക്കും തൊഴിലും സംരംഭകത്വവും നൽകുക സംരംഭകത്വ വികസന പരിപാടികൾ നടപ്പിലാക്കുക വഴി സംരംഭകർക്ക് ഈ മേഖലയിലെ സാധ്യതകളും മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങളിലൂടെ പരിശീലന പരിപാടികളും നൽകി വരുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ ആട് വളർത്തൽ പോലുള്ള പദ്ധതികൾ- 19 പെണ്ണാട്ടുകളും ഒരു മുട്ടനാട്ടും അടങ്ങുന്ന യൂണിറ്റ് ഒന്നിന് ഒരു ലക്ഷം രൂപ ധനസഹായം നൽകി നടപ്പിലാക്കി വരുന്നു. ഇവയിലൂടെ തൊഴിലും സംരംഭകത്വവും പ്രോത്സാഹിപ്പിക്കാൻ കഴിയുന്നു. 3. കന്നുക്കുട്ടികളുടെ ശാസ്ത്രീയ പരിപാലനം, പാൽകറക്കുന്നത് യന്ത്രവൽക്കരിക്കൽ, മൃഗാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നത് തുടരൽ, രോഗനിർണ്ണയ ഉപാധികളുടെ ഉൽപാദനം, തെരഞ്ഞെടുത്ത റഫറൽ കേന്ദ്രങ്ങളിൽ 24x7 മൃഗസംരക്ഷണ സേവനങ്ങൾ ലഭ്യമാക്കുക കന്നുക്കുട്ടി പരിപാലന പദ്ധതി, തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കറവയന്ത്രം വിതണം ചെയ്യുന്ന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. |

മൃഗാശുപത്രികളുടെ വികസനവും പുനസംഘടനയും പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗാശുപത്രികൾ ശാക്തീകരിക്കുന്നു. SIAD പാലോട്, ADDL തിരുവല്ല എന്നീ ലാബുകൾ ആധുനികവൽക്കരിച്ച് NABL Accreditation നേടി. ടി സ്ഥാപനങ്ങളെ BSL-II (ബയോസ്റ്റേറ്റി ലെവൽ രണ്ട്) നിലവാരത്തിലേക്ക് ഉയർത്തി. സംസ്ഥാനത്തെ 31 മൃഗാശുപത്രികളെ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാക്കി ഉയർത്തി . 4. ഗുണഭോക്താക്കൾക്ക് നേരിട്ട് പണം നൽകുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) ഏർപ്പെടുത്തും വകുപ്പിലെ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) മാതൃകയാണ് സ്വീകരിച്ചിരിക്കുന്നത് 5. ഇറച്ചി, ഇറച്ചിക്കോഴി മേഖലയിൽ ഉൽപാദനം വർദ്ധിപ്പിക്കും. ആധുനിക സൗകര്യങ്ങളോട് കൂടിയ മാനേജ്മെന്റ്, വൈദഗ്യ വികസന പരിപാടികൾ ഇൻഷ്വറൻസ് പരിരക്ഷ, കന്നുകാലികളെയും ഉടമസ്ഥരെയും ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്ര ഇൻഷ്വറൻസ് പദ്ധതി എന്നിവ ആവിഷ്കരിക്കും ഇറച്ചി, ഇറച്ചിക്കോഴി മേഖലയിൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി റീബിൾഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ 'കേരള ചിക്കൻ' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ്, പദ്ധതിയുടെ നോഡൽ ഏജൻസിയാണ്. KSPDC, MPI, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി , കുടുംബശ്രീ എന്നീ ഏജൻസികൾ പദ്ധതിയുമായി സഹകരിക്കുന്നു. സുൽത്താൻ ബത്തേരിയിലും വാഗമണിലും 2 LMTC (മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ) പുതിയതായി ആരംഭിച്ചു. കൂടാതെ പത്തനംതിട്ട ജില്ലയിലെ മഞ്ചാടിയിൽ ഡക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ( ' D- Hat' ) ആരംഭിച്ചു. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പരിപാടി(ഗോസമൃദ്ധി) ആരംഭിച്ചു. ഇതിൽ കർഷകർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉൾപ്പെടുത്തിയിട്ടുണ്ട്. 6. IAH& VB വഴി പേവിഷ പ്രതിരോധത്തിനും രോഗനിർണ്ണയത്തിനുമുള്ള കിറ്റുകൾ ഉൽപാദിപ്പിക്കും പാലോട് സ്ഥിതിചെയ്യുന്ന IAH &VB യിൽ പേവിഷ പ്രതിരോധ വാക്സിൻ നിർമ്മാണം ആരംഭിക്കുന്ന പദ്ധതിയുടെ ഭാഗമായുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 7. രാത്രികാലങ്ങളിലെ അടിയന്തിര വെറ്ററിനറി കെയർ സർവ്വീസുകൾ കൂടുതൽ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിക്കും രാത്രികാലങ്ങളിലെ അടിയന്തിര വെറ്ററിനറി കെയർ സർവ്വീസുകൾ നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും 3

| | | | |
|---|---|---|---|
| | | | കോർപ്പറേഷനുകൾ, 1 മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലുമായി 156 കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. 8. മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകളും മൊബൈൽ വെറ്ററിനറി ക്ലിനിക്കുകളും സ്ഥാപിക്കും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 2 മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 12 എണ്ണം അധികമായി സ്ഥാപിക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്. RKVY പദ്ധതിയിൽ ഉൾപ്പെടുത്തി 3 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാറിന്റെ ധനസഹായത്തോടെ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ കൂടി ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ്സ് കൺട്രോൾ എന്ന പദ്ധതിയുടെ കീഴിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയത് ഉടൻ നടപ്പിലാക്കുന്നതാണ്. 9. Decision Support System (DSS) പോലെ ഡിജിറ്റൽ ഹെർഡ് ബുക്ക് പ്രോഗ്രാം നടപ്പിലാക്കും ഡിജിറ്റൽ ഹെർഡ് ബുക്ക് പദ്ധതിക്കായി ബഡ്ജറ്റിൽ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. 10. GIS മാപ്പിംഗുമായി സംയോജിപ്പിച്ചുകൊണ്ട് RFID tagging ആരംഭിക്കും RKI പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. 11. വാണിജ്യപരമായി ആട് വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സഹായം നൽകും ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 2018-19 മുതൽ പുതിയ പദ്ധതിയായ അനിമൽ റിസോഴ്സ് ഡവലപ്പ്മെന്റിന്റെ കീഴിൽ കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് (വ്യാവസായിക അടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി )- 19 പെണ്ണാടുകളും ഒരു മുട്ടനാടും അടങ്ങുന്ന യൂണിറ്റ് ഒന്നിന് ഒരു ലക്ഷം രൂപ ധനസഹായം നൽകി നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത ശിപാർശകളിൽ നടപ്പിലാക്കാനുള്ളവ ഏതെല്ലാമാണെന്നും ആയത് നടപ്പിലാക്കാൻ സ്വീകരിക്കുന്ന നടപടികളും വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത ശിപാർശകളിൽ എല്ലാം തന്നെ നടപടികൾ സ്വീകരിച്ചു നടപ്പിലാക്കി വരുന്നവയാണ്. |

സെക്ഷൻ ഓഫീസർ